**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1361** **11-09-2023 - ൽ മറുപടിയ്ക്ക്**

**കന്നിപ്പുറം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പദ്ധതി ആയ കന്നിപ്പുറം പാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **നെയ്യാറ്റിൻകര മണ്ഡലത്തിലെ കന്നിപ്പുറം പാലം നിർമ്മാണത്തിനായി ലാൻഡ് അക്വിസിഷൻ ഉൾപ്പടെ 9.86 കോടി രൂപയുടെ സാമ്പത്തികാനുമതി 21/08/2017 ന് കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള 19 (1) നോട്ടിഫിക്കേഷൻ 28-11-2022 തീയതിയിൽ പ്രസിദ്ധീകരിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. സാങ്കേതികാനുമതിയ്ക്കായി തയ്യാറാക്കിയ 16.42 കോടി രൂപയുടെ (സ്ഥലമേറ്റെടുക്കൽ തുക ഉൾപ്പടെ) എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തി ഭേദഗതികൾ വരുത്തുന്നതിന് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിക്കുകയുണ്ടായി. അപ്രകാരം ഭേദഗതികൾ വരുത്തിയ എസ്റ്റിമേറ്റ് പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിന് വേണ്ടി കിഫ്ബിയ്ക്ക് സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികളിലേക്ക് കടക്കാനാകും.** |
| (ബി) | ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | എത്ര കോടി രൂപയുടെ ഡി. പി. ആർ. ആണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ